പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2760     20/03/2015 - ൽ മറുപടി നല്കേണ്ടിയിരുന്നത്

## സ്ക്രൈബിനെ അനുവദിക്കുന്നതിനുള്ള മാനദണ്ഡം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) എസ്.എസ്.എൽ.സി,പ്ലസ്ടു പരീക്ഷകളെഴുതുന്ന അംഗപരിമിതരായ കുട്ടികൾക്ക് സ്ക്രൈബിനെ വയ്ക്കാൻ ഉത്തരവുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (എ) ഉണ്ട്. എസ്.എസ്.എൽ.സി പരീക്ഷയെഴുതുന്ന 40% - മോ അതിലധികമോ വൈകല്യമുള്ള കാഴ്ചവൈകല്യം, ബുദ്ധിപരമായ വെല്ലുവിളികൾ / ഓട്ടിസം, അസ്ഥിസംബന്ധമായ വൈകല്യങ്ങൾ എന്നീ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും പഠനവൈകല്യമുള്ളവരിൽ ഡിസ്ഗ്രാഫിയ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും പരീക്ഷാർത്ഥികൾ ആവശ്യപ്പെടുകയാണെങ്കിൽ സ്ക്രൈബിന്റെ സേവനം അനുവദിച്ചുവരുന്നു. 2015 എസ്.എസ്.എൽ.സി,ഹയർ സെക്കന്ററി പരീക്ഷാ നോട്ടിഫിക്കേഷന്റെ പ്രസക്തഭാഗത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇത്തരക്കാർക്ക് പരീക്ഷയ്ക്ക് അധിക സമയം അനുവദിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ബി) ഉണ്ട്. മെഡിക്കൽ ബോർഡ് പ്രത്യേകമായി സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ സ്ക്രൈബിന്റെ സേവനം പ്രയോജനപ്പെടുത്തുന്ന കുട്ടികൾക്ക് എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി പരീക്ഷകൾക്ക് ഓരോ പേപ്പറിനും മണിക്കൂറിന് യഥാക്രമം 10,15, മിനിട്ട് അധികസമയം അനുവദിക്കുന്നുണ്ട്. |

Sreedevi

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

Relevant extract of Higher Secondary Exam Notification

**APPENDIX - 17**

## CONCESSIONS TO CANDIDATES WITH SPECIAL NEEDS

(a) Physically challenged candidates will be given 10 minutes grace time per hour of examination, according to the gravity of the handicap/disorder, if the following conditions are satisfied.

i) Application for concession should be submitted in the prescribed format provided in Appendix – 34 supported by medical certificate issued by a Medical Board, which include a specialist in physical medicine and rehabilitation or orthopaedics.

ii) Physically challenged candidates who are unable to write with their hands will be provided with the services of a scribe and extra time of 15 minutes per hour, if the Medical Board specifically states that the candidate is unable to write on his own. In the medical certificate from the medical board it should be clearly stated that the candidate examined deserves extra time and service of scribe.

iii) Physically challenged candidates who cannot move their hand freely will be exempted from drawing diagrams and geometrical figures, provided, it is so certified by the Medical Board in the medical certificate. Marks for diagrams will be given proportionately based on the marks secured by them.

iv) Mentally challenged candidates and candidates having neurological disorders shall be given 25% marks secured by them, additionally on producing medical certificate from medical board that includes a psychiatrist in the case of mentally retarded candidates and a neurologist in the case of candidates with neurological disorders.

v) For candidates having physical or orthopaedic handicap plus visual and or hearing problems, mental retardation etc the respective specialist must be present in the medical board, which certifies the handicap.

vi) Applications for the above concessions should reach the concerned Regional Deputy Director, Higher Secondary Education before the last date prescribed for the same. Original medical certificate from the medical board and attested photocopy of the same must be submitted along with the application. Original medical certificate will be returned after verification, to the candidate.

(b) Hearing impaired candidates will be given 25% of marks secured by them additionally subject to their producing a medical certificate in original from a medical board comprising an ENT specialist. An attested copy of the medical certificate should also be attached with the application. Candidates will be exempted from appearing for the Second language.

(c) Visually impaired candidates are eligible for extra time/service of a scribe subject to the following conditions.

Sreedevi
S.O

i. Medical certificate in original from the head of the department of Ophthalmology or from a person not below the rank of an associate professor of Ophthalmology of a medical college in the state or from the district ophthalmic surgeon, detailing the visual handicap should be enclosed along with the application. An attested photocopy of the medical certificate should also be attached with the application. Candidates with visual handicap of 20 – 49% will be given 10 minutes extra time per hour of examination. Candidates with visual disability of 50 – 79 % will be given extra time of 15 minutes for every one hour of examination. Candidates with 80% or more visual disability will be permitted to avail the services of a scribe in addition to the extra time of 15 minutes per hour of examination. Candidates with visual disability upto 19% will be treated as normal.

ii. The service of an interpreter can be availed in the case of hearing impaired / mentally challenged candidates. The service of Resource teachers (coming under IEDC, General Education Department) can be availed for the purpose. In the absence of the above, the service of an Invigilator posted to the school can be utilized. Visually impaired candidates will be allowed to use recognition facility and IED candidates will be provided opportunity to use Computer / Laptop provided they submit request in the prescribed application form and obtain order regarding the same.

iii. Applications for concession, in the prescribed format provided in Appendix – 34 should be submitted before the last date prescribed for the same to the concerned Regional Deputy Director, Higher Secondary Education. Educational qualification of the scribe whose service is hired in all the above cases should be below Plus Two level, ie, the scribe should not have passed Higher Secondary or equivalent examinations. In the absence of the service of such candidates as scribes, the service of candidates who have completed Plus Two course with a different combination of subjects than that of the applicant can be availed. The details of the proposed scribe should be forwarded to the Regional Deputy Director, along with the application for the services of scribe. The Principal shall appoint scribe after verifying his identity and qualification.

**The Principals of the Higher Secondary Schools shall ensure that differently abled / mentally challenged candidate are not admitted to batches with subject combination involving Practicals, which the student concerned are unable to cope with due to her/his disability.**

**The Chief Superintendent should write the order number granting concessions and also the nature of concession granted clearly on top of the answer scripts and such answer scripts shall be forwarded to the valuation camps in separate CV covers with the inscription "Answer Script of ............................ (nature of handicap) candidate, Order No.. ........................................................................ nature of concession ........................................................................ (25% grace mark, exemption from drawings etc.)**

1

അനുബന്ധം - 2

# എസ്.എസ്.എൽ.സി പരീക്ഷ

## മാർച്ച് - 2015

# വിജ്ഞാപനം

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം -12

## X. സവിശേഷ സഹായം ആവശ്യമായ വിദ്യാർത്ഥികൾക്ക് നൽകുന്ന പരീക്ഷാനുകൂല്യങ്ങൾ

VI, HI, LMD/OH, CP, MR, Autism, LD എന്നീ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് എസ്.എസ്.എൽ.സി. പരീക്ഷയിൽ ആനുകൂല്യങ്ങൾ നൽകുന്നത്.

പരീക്ഷാ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി VI, HI, LMD/OH, CP, MR, Autism വിഭാഗം വിദ്യാർത്ഥികൾ 40 ശതമാനമോ അതിലധികമോ വൈകല്യമുണ്ടെന്ന് തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ കോപ്പി നിർബന്ധമായും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. **മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിൽ വൈകല്യത്തിന്റെ സ്വഭാവം** (VI, HI, LMD/ OH, CP, MR, Autism എന്നിവ ) **വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.** ഈ വിഭാഗത്തിലുള്ളവർ ഒറിജിനൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് അയയ്ക്കേണ്ടതില്ല.

പഠന വൈകല്യമുള്ള വിദ്യാർത്ഥികൾ ഈ വർഷം മുതൽ ഡി.എം.ഒ. യുടെ നോമിനി ഉൾപ്പെട്ട മെഡിക്കൽ ബോർഡ് നൽകുന്ന അസൽ സർട്ടിഫിക്കറ്റാണ് ആനുകൂല്യത്തിനായി ഹാജരാക്കേണ്ടത്. സർട്ടിഫിക്കറ്റിൽ കുട്ടിയുടെ IQ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

പരീക്ഷാ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ആഫീസർ വഴി മാത്രമേ സമർപ്പിക്കാവൂ. സ്കൂളിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നും നേരിട്ടോ, തെറ്റായി പൂരിപ്പിച്ചതോ ആയ അപേക്ഷകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

A) <u>കാഴ്ചവൈകല്യമുള്ള വിദ്യാർത്ഥികൾ</u> (Visually Impaired- VI)

i) ഓരോ മണിക്കൂറിനും 10 മിനിട്ട് സമയം അധികം അനുവദിക്കുന്നതാണ്. ബ്രെയിലി ലിപിയിൽ പരീക്ഷ എഴുതുന്നവർക്ക് ഓരോ മണിക്കൂറിനും 15 മിനിട്ട് അധികസമയം ലഭിക്കുന്നതാണ്.

ii) കൂടാതെ ഗ്രാഫ്, ഡ്രോയിംഗ്, ഡയഗ്രംസ് ജോമെട്രിക്കൽ ഫിഗേഴ്സ് തുടങ്ങിയ ചോദ്യങ്ങളിൽ നിന്നും ഒഴിവാക്കുന്നതാണ്. ചോദ്യങ്ങളിൽ നിന്ന് ഈ ഭാഗം ഒഴിവാക്കിയാണ് മൂല്യ നിർണ്ണയം നടത്തുന്നത്.

iii) ആവശ്യമെങ്കിൽ ഉത്തരം കേട്ടെഴുതുന്നതിന് ഒരു സഹായിയെ (സ്ക്രൈബ്) അനുവദിക്കുന്നതാണ്.

iV) ആവശ്യമെങ്കിൽ ഈ വിഭാഗം വിദ്യാർത്ഥികൾക്ക് കണക്കു വിഷയം ഒഴിവാക്കുന്നതും പകരം കംപ്യൂട്ടർ വിദ്യാഭ്യാസം, റാട്ടൺ വർക്ക്, വോക്കൽ മ്യൂസിക്, ഇൻസ്ട്രുമെന്റൽ മ്യൂസിക് എന്നീ വിഷയങ്ങളിൽ ഏതെങ്കിലും ഒന്ന് തെരഞ്ഞെടുക്കാവുന്നതാണ്.

B. ശ്രവണ വൈകല്യമുള്ള വിദ്യാർത്ഥികൾ (Hearing impaired -HI)

i) ഈ വിഭാഗം വിദ്യാർത്ഥികളുടെ ഭാഷാ ജ്ഞാനക്കുറവ് പരിഗണിച്ച് അവർക്ക് എഴുത്ത് പരീക്ഷയിൽ നേടുന്ന മാർക്കിന്റെ 25% ഗ്രേസ് മാർക്കായി കൂടുതൽ ലഭിക്കുന്നതാണ്.

ii) ആവശ്യമെങ്കിൽ ഈ വിഭാഗം വിദ്യാർത്ഥികൾക്ക് ഒന്നാം ഭാഷ, രണ്ടാം ഭാഷ ഇവയിലേതെങ്കിലും ഒന്നും കൂടാതെ ഹിന്ദിയും ഒഴിവാക്കാവുന്നതാണ്. ഒഴിവാക്കുന്ന വിഷയങ്ങൾക്ക് പകരമായി (a)കംപ്യൂട്ടർ വിദ്യാഭ്യാസം, (b)ഹോർട്ടി കൾച്ചർ, (c)കേറ്ററിംഗ്, (d)ഡ്രോയിംഗ് & പെയിന്റിംഗ് എന്നീ വിഷയങ്ങളിൽ താല്പര്യമുള്ളവ തെരഞ്ഞെടുക്കാവുന്നതാണ്. ഒന്നാം ഭാഷയിൽ രണ്ടു പേപ്പറുകൾ ഉള്ളതിനാൽ രണ്ടിനും പകരമായി മേൽപ്പറഞ്ഞ വിഷയങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം തെരഞ്ഞെടുക്കേണ്ടതാണ്.

iii) ഈ വിഭാഗം വിദ്യാർത്ഥികൾക്ക് ആവശ്യമെങ്കിൽ വ്യാഖ്യാതാവിന്റെ സേവനം ലഭിക്കുന്നതാണ്.

iv) ഓരോ പേപ്പറിനും മണിക്കൂറിന് 10 മിനിട്ട് അധികസമയം അനുവദിക്കുന്നതാണ്.

C) <u>ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ</u> ( Loco Motor Disability/OH and Cerebral Palsy )

i) ശാരീരിക വൈകല്യം മൂലം കൈകൾ സ്വതന്ത്രമായി ചലിപ്പിക്കാൻ കഴിയാത്ത പരീക്ഷാർത്ഥികൾക്ക് ഓരോ മണിക്കൂറിനും 10 മിനിട്ട് വീതം അധികസമയം അനുവദിക്കുന്നതാണ്.

ii) ഗ്രാഫ്, ഡയഗ്രം, ഡ്രോയിംഗ്, ജോമട്രിക്കൽ ഫിഗേഴ്സ് എന്നീ ചോദ്യങ്ങളിൽ നിന്ന് ആവശ്യമുണ്ടെങ്കിൽ ഒഴിവാക്കുന്നതാണ്.

iii) കൈകൾ ഉപയോഗിച്ച് എഴുതാൻ കഴിയാത്ത കുട്ടികൾക്ക് ഉത്തരം കേട്ടെഴുതുന്നതിന് സഹായിയെ (scribe) അനുവദിക്കുന്നതാണ്.

D) <u>ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ</u> (Mental Retardation (MR) and Autism)

ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് മുകളിൽ സൂചിപ്പിച്ച A,B,C, വിഭാഗക്കാർക്ക് നൽകുന്ന മുഴുവൻ ആനുകൂല്യങ്ങളും ആവശ്യമെങ്കിൽ അനുവദിക്കുന്നതാണ്. എന്നാൽ ഈ വിഭാഗം വിദ്യാർത്ഥികൾക്ക് തിയറി പേപ്പറുകൾക്ക് ലഭിക്കുന്ന മാർക്കിന്റെ 25% ഗ്രേസ് മാർക്ക് പരീക്ഷ പാസ്സാകുന്നതിനുവേണ്ടി മാത്രമേ ലഭിക്കുകയുള്ളൂ. Scribe, Interpreter ഇവയിൽ ഏതെങ്കിലും ഒരാളുടെ സേവനം മാത്രമേ ലഭിക്കുകയുള്ളു.

E) പഠന വൈകല്യം (Specific Learning Disability-SLD/LD)

- ഓരോ പേപ്പറിനും മണിക്കൂറിന് 20 മിനിട്ട് അധികസമയം അനുവദിക്കുന്നതാണ്.
- പഠനവൈകല്യമുള്ള കുട്ടികൾക്ക് വ്യാഖ്യാതാവിന്റെ സേവനം മാത്രമേ ലഭിക്കുകയുള്ളൂ.

പൊതു നിർദ്ദേശങ്ങൾ

1. കാഴ്ചവൈകല്യം (VI), അസ്ഥി സംബന്ധമായ വൈകല്യം (LMD/OH), സെറിബ്രൽ ഫാൾസി (CP), പഠനവൈകല്യം (LD) എന്നീ വിഭാഗങ്ങളിലെ കുട്ടികൾക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്നതല്ല.

2. ഭാഷാ വിഷയങ്ങൾ, കണക്ക് എന്നിവ ഒഴിവാകുന്ന കുട്ടികളുടെ നിരന്തര മൂല്യനിർണ്ണയം (C.E) നടത്തേണ്ടത് അവർ പകരം തെരഞ്ഞെടുക്കുന്ന വിഷയങ്ങളിൽ തന്നെ ആയിരിക്കണം.

3. കണക്കിനും ഭാഷാ വിഷയങ്ങൾക്കും പകരം തെരഞ്ഞെടുക്കുന്ന വിഷയങ്ങളിലെ പരീക്ഷ പൊതു പരീക്ഷയ്ക്കു ശേഷം അതത് ജില്ലകളിൽ വച്ച് പരീക്ഷാഭവൻ നേരിട്ട് നടത്തുന്നതാണ്. പ്രസ്തുത പരീക്ഷയുടെ തീയതി പരീക്ഷാ ഭവനിൽ നിന്നും ലഭിക്കുന്നതാണ്.

4. സ്ക്രൈബായി നിയോഗിക്കപ്പെടുന്ന ആളുടെ പരീക്ഷാ യോഗ്യത പരീക്ഷാർത്ഥിയേക്കാൾ കൂടുവാൻ പാടുള്ളതല്ല. സ്ക്രൈബായി നിയമിക്കപ്പെടുന്ന വ്യക്തിക്ക് പേപ്പറിന് 100 രൂപ പ്രകാരം റമ്യൂണറേഷൻ നൽകേണ്ടതാണ്. (G.O.(Ms)No.44/2010/G.Edn Dated 25/03/2010)ഇതിനു വേണ്ടിവരുന്ന തുക പരീക്ഷാ ചെലവുകൾക്കാവുള്ള ഹെഡ്ഡിൽ നിന്നും ഉപയോഗിക്കേണ്ടതാണ്.

5. ഡി.പി.ഐ., എസ്.എസ്.എ. വഴി നിയോഗിക്കപ്പെടുന്ന റിസോഴ്സ് അദ്ധ്യാപകരെയാണ് വ്യാഖ്യാതാക്കളായി (ഇന്റർപ്രെട്ടർ) നിയോഗിക്കുന്നത്. ഇവരുടെ അഭാവത്തിൽ ഹൈസ്കൂൾ/ യു.പി. തലങ്ങളിലുള്ള അദ്ധ്യാപകരെ പരിഗണിക്കേണ്ടതാണ്. ഇന്റർപ്രെട്ടർമാരായി നിയോഗിക്കപ്പെടുന്നവർക്ക് ഇൻവിജിലേറ്റർമാർക്ക് നൽകുന്ന അലവൻസ്/ വേതനം നൽകേണ്ടതാണ്. LD വിഭാഗം കുട്ടികൾക്ക് 1:8 എന്ന അനുപാതത്തിലും MR, Autism, HI വിഭാഗങ്ങൾക്ക് 1:4 എന്ന അനുപാതത്തിലും വ്യാഖ്യാതാക്കളെ അനുവദിക്കുന്നതാണ്.

6. അധികസമയം മാത്രം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതുന്നതിന് പ്രത്യേകം മുറി അനുവദിക്കുന്നതല്ല.

7. പ്രധാനാദ്ധ്യാപകർ പരീക്ഷാ ഇളവുകൾക്ക് വേണ്ടിയുള്ള അപേക്ഷകൾ അനുബന്ധരേഖകൾ സഹിതം 10/08/2014 – ന് മുമ്പായി അതാതു ജില്ലാ വിദ്യാഭ്യാസ ആഫീസുകളിൽ സമർപ്പിക്കേണ്ടതാണ്.

8. ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ പരീക്ഷാ ഇളവുകൾക്ക് അർഹരായ വിദ്യാർത്ഥികളുടെ ക്രോഡീകരിച്ച സ്റ്റേറ്റ്മെന്റ് ശുപാർശ ചെയ്യുന്ന ഇളവുകൾ സഹിതം രേഖാമൂലവും സി.ഡി.യിലും (എക്സൽ ഫോർമാറ്റിൽ) അപേക്ഷകൾ സഹിതം 30/08/2014– ന് മുമ്പായി വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഐ.ഇ.ഡി.സെല്ലിൽ സമർപ്പിക്കേണ്ടതാണ്.

9. പരീക്ഷാ ഇളവുകൾ അനർഹമായവർക്കാണ് നൽകിയതെന്ന് ബോധ്യപ്പെടുന്നപക്ഷം പരീക്ഷയുടെ ഏതു സമയവും അതിനുശേഷവും, നൽകിയ ആനുകൂല്യങ്ങൾ പിൻവലിക്കുന്നതിനുള്ള പൂർണ്ണ അധികാരം പൊതു വിദ്യാഭ്യാസ ഡയറക്ടറിൽ നിക്ഷിപ്തമാണ്.

10. വൈകി ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. പരീക്ഷാ ഇളവുകൾ സംബന്ധിച്ച മേൽ വിവരങ്ങൾ www.educationkerala.gov.in എന്ന വെബ് സൈറ്റിലും ലഭ്യമാണ്.

## XI. പരീക്ഷാർത്ഥിത്വം റദ്ദാക്കൽ

ഏതെങ്കിലും വിദ്യാർത്ഥിയുടെ പരീക്ഷാർത്ഥിത്വം റദ്ദാക്കേണ്ട സാഹചര്യം ഉണ്ടാകുകയാണെങ്കിൽ ആയത് നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷിക്കേണ്ടതാണ്. (ഫോറം അനുബന്ധം 'E' ആയി നൽകിയിരിക്കുന്നു). അപേക്ഷ 28/02/2015 -ന് മുമ്പായി പരീക്ഷാസെക്രട്ടറിക്ക് ലഭിക്കേണ്ടതാണ്. അപേക്ഷാഫോറം അടങ്ങുന്ന കവറിനു മുകളിൽ "പരീക്ഷാർത്ഥിത്വം റദ്ദാക്കുന്നതിനുള്ള അപേക്ഷ" എന്ന് ചുവന്ന മഷിയിൽ രേഖപ്പെടുത്തേണ്ടതാണ്.

ഐ.ടി പരീക്ഷയിൽ പങ്കെടുത്ത കുട്ടികളുടെ പരീക്ഷാർത്ഥിത്വം റദ്ദാക്കാൻ കഴിയുന്നതല്ല.

## XII. അഡ്മിഷൻ ടിക്കറ്റ് വിതരണം

**(എ) റഗുലർ വിദ്യാർത്ഥികൾ -**

റഗുലർ വിദ്യാർത്ഥികളുടെ ഫോട്ടോ പതിച്ച അഡ്മിഷൻ ടിക്കറ്റുകൾ മുൻ വർഷത്തെ പോലെ ഓൺലൈൻ വഴി ചീഫ് സൂപ്രണ്ടുമാർക്ക് ലഭിക്കുന്നതാണ്.

**(ബി) പ്രൈവറ്റ് പരീക്ഷാർത്ഥികൾ -**

പ്രൈവറ്റ് പരീക്ഷാർത്ഥികളുടെ അഡ്മിഷൻ ടിക്കറ്റുകളും ഓൺലൈൻ വഴി ലഭിക്കുന്നതാണ്. എന്നാൽ ഫോട്ടോ ഉണ്ടായിരിക്കുന്നതല്ല. അതിനാൽ ലഭിക്കുന്ന അഡ്മിഷൻ ടിക്കറ്റിൽ പരീക്ഷാർത്ഥികളുടെ ഫോട്ടോ പതിച്ച് സാക്ഷ്യപ്പെടുത്തി വിതരണം ചെയ്യേണ്ടത്. ഇതിനായി പരീക്ഷാർത്ഥിയുടെ തിരിച്ചറിയൽ സർട്ടിഫിക്കറ്റിൽ പതിച്ചിരിക്കുന്ന ഫോട്ടോയുടെ ഒരു കോപ്പി കൂടി അപേക്ഷയോടൊപ്പം വാങ്ങേണ്ടതാണ്. പരീക്ഷാർത്ഥികളെ ശരിയായി തിരിച്ചറിഞ്ഞ് പൂർണ്ണവിശ്വാസം വന്നതിനുശേഷം മാത്രമേ അഡ്മിഷൻ ടിക്കറ്റ് നൽകുവാൻ പാടുള്ളൂ. **യാതൊരു കാരണവശാലും അഡ്മിഷൻ ടിക്കറ്റുകൾ മാറികൊടുക്കുവാൻ ഇടയാകരുത്.** അതുമൂലം പരീക്ഷാർത്ഥികൾക്ക് ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും ചീഫ് സൂപ്രണ്ട് തന്നെയായിരിക്കും ഉത്തരവാദി.

On the basis of academic evaluation and assessment report as given above, it is hereby certified that Kum/Kumari........................................., Std.X student of ........................................................................ (School) is having Learning Disability in the area of ............................................ (Specify Dyslexia, Dysgraphia or Dyscalculia).

He/she may be provided with the following examination concessions in the S.S.L.C. March 2015 Examination:

1. ....................................................................................
2. ....................................................................................
3. ....................................................................................
4. ....................................................................................
5. ....................................................................................

Place:

Date:

Office Seal

**Signature**
Name & **Official Address of Govt. Psychiatrist**
(not below the rank of Asst. Surgeon)

[THIS CERTIFICATE IS ISSUED ONLY FOR AVAILING S.S.L.C. EXAMINATION CONCESSIONS FOR THE YEAR 2015

## Examination concession to children with Learning Disability in S.S.L.C. Examination 2015

## CHILDREN WITH LEARNING DISABILITY ARE NOT ELIGIBLE FOR GRACE MARK

Service of Scribe or Interpreter (Any One) will be permitted

**Dyslexia** 1) Additional time of 10 minute per hour per paper

ii) Assistance of an Interpreter, if necessary

**Dysgraphia**: i) Additional time of 10 minutes per hour per paper

ii ) Exemption from either - Malayalam or English and also Hindi if necessary . Instead, they can opt for subjects like

a) Computer Education b) Horticulture c) Catering and d) Drawing & Painting Since there are two papers in Malayalam, any two of the subjects have to be selected while exempting Malayalam

iii) A scribe will be permitted, if required

**Dyscalculia**: i) Exemption from Mathematics and permitted to opt subjects from / Computer Education, Ratton Work , Vocal Music, Instrumental Music

i) Assistance of an interpreter for mathematics only if required

ii)Permitted to the simple calculator, if necessary

iii)Additional time of 10 minutes per hour per paper



Sreedevi
S.O